## ശ്രദ്ധ ക്ഷണിക്കൽ

### (1) നാളികേര കൃഷി

ശ്രീ. സി. മോയിൻകുട്ടി: സർ, നട്ടെല്ലൊടിഞ്ഞ നാളികേര കർഷകന്റെ കണ്ണുനീരിന്റെ കഥയാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ മുമ്പാകെ കൊണ്ടുവരാനുള്ളത്. നമ്മുടെ സംസ്കാരവും പൈതൃകവും നാളികേരത്തിന്റെ നാട്ടിൽ നിന്ന് പരിപൂർണ്ണമായും നഷ്ടപ്പെടുകയാണ്. ഒരു മൈനർ ഓപ്പറേഷൻ കൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടില്ല. ഇതിനൊരു മേജർ ഓപ്പറേഷൻ അനിവാര്യമായ സന്ദർഭമാണിന്നുള്ളത്. നാളികേരത്തിന്റെ സംഭരണം യാഥാർത്ഥ്യമാക്കിയ ഗവൺമെന്റിനെ ഞാൻ ഈ സന്ദർഭത്തിൽ തീർച്ചയായും അഭിനന്ദിക്കുകയാണ്. പക്ഷേ, വളരെ നിസ്സാരമായൊരു വിലക്കയറ്റം മാത്രമാണ് ഈ രംഗത്ത് വന്നിട്ടുള്ളത്. മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് ഒരു നാളികേരത്തിന്റെ വില 4 രൂപയായിരുന്നു. ഇന്നത് 6 രൂപയായി എന്നുവേണമെങ്കിൽ ആശ്വസിക്കാം. ഒരു തെങ്ങിൽ കയറുന്നതിന് 1 രൂപയായിരുന്ന കൂലി ഇന്ന് 20-ഉം 25-ഉം രൂപയാണ്.

മി.സ്പീക്കർ : ശ്രീ. ഹൈബി ഈഡൻ, അങ്ങ് ഈ സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ വ്യക്തിയാണ്. Please go to your seat.

ശ്രീ. സി. മോയിൻകുട്ടി : 30 വർഷം മുമ്പ് ഒരു തേങ്ങ പൊതിക്കുന്നതിന് 5 പൈസയായിരുന്നത് ഇന്ന് 60 പൈസയായി മാറിയിരിക്കുന്നു. 30 വർഷം മുമ്പ് ഒരുചാക്ക് വളത്തിന് 6 രൂപയായിരുന്നത് ഇന്ന് 950 രൂപയാണ്.

വമ്പിച്ച മാറ്റമാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. എത്രയോ ഇരട്ടിയാണ് വർദ്ധനവ്. 30 വർഷം മുമ്പ് 4 രൂപയുണ്ടായിരുന്ന നാളികേരത്തിന് ഇന്ന് 6 രൂപയായെന്നുമാത്രം. സംഭരണ വിലയിൽ 6 രൂപ മാത്രമാണിന്ന് ലഭിക്കുന്നത്. ആഴ്ചയിൽ രണ്ട് ദിവസത്തെ സംഭരണമാണ് സർക്കാർ പറയുന്നത്. അത് എല്ലാദിവസവും വേണം. 7 ദിവസവും സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുവാനുള്ള സാഹചര്യമുണ്ടാകണം. പൊതിച്ച തേങ്ങ പെട്ടെന്ന് കേടാകുമെന്നുള്ളതുകൊണ്ട് ദിവസവും സംഭരണം ഉണ്ടാകുന്ന ഏർപ്പാടുണ്ടാകണം. നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി വളരെ വലുതാണ്. നാളികേരത്തിന്റെ വിലയിടിവ്, ഉത്പാദനത്തിൽ വന്നിട്ടുള്ള വമ്പിച്ച കുറവ്, ഉത്പാദനക്ഷമതയുടെ തളർച്ച, വളർച്ച, റോക്കറ്റിന്റെ വേഗതയിലുള്ള വളത്തിന്റെ വർദ്ധനവ്, വ്യാപകമായി പടർന്നുപിടിക്കുന്ന, മുമ്പൊരിക്കലും കേട്ടുകേൾവിപോലുമില്ലാത്ത രോഗങ്ങൾ, വൈവിദ്ധ്യവത്ക്കരണത്തിൽ വന്നിട്ടുള്ള മാന്ദ്യത ഇതെല്ലാമാണ് ഈ രംഗത്തെ പ്രതിസന്ധികൾ. തൊഴിലാളികളെ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. 10 ഇരട്ടിയായും 100 ഇരട്ടിയായും തൊഴിലാളികളുടെ കൂലി വർദ്ധിച്ചിരിക്കുന്നു. കാലാകാലങ്ങളിലുള്ള ഗവൺമെന്റുകളുടെ, ഈ ഗവൺമെന്റ് മാത്രമല്ല, മുൻ ഗവൺമെന്റിന്റേയും താൽപ്പര്യക്കുറവാണ് ഇതിനുകാരണം. കുറേക്കൂടി ശ്രദ്ധയോടെ ഈ രംഗത്തെ വീക്ഷിക്കണം. കയറ്റുമതിയിലെ സ്തംഭനം വളരെ ഗൗരവതരമാണ്. ഈ രംഗത്ത് ഇനിയും പിടിച്ചുനിൽക്കുവാനുള്ള കർഷകന്റെ ആത്മവിശ്വാസം പൂർണ്ണമായും തകർന്നിരിക്കുകയാണ്. അവരുടെ ആത്മവിശ്വാസം വീണ്ടെടുക്കണം. ചോദിക്കുവാനും പറയുവാനും ആളില്ലാത്ത ഒരു മേഖലയാണിത്. റബ്ബർ ലോബിക്ക് പലരുമുണ്ട്. പക്ഷേ, ഈ

രംഗത്ത് ചോദിക്കുവാനും പറയുവാനും ആളില്ല. വൈവിദ്ധ്യവത്ക്കരണത്തിലും യന്ത്രവത്ക്കരണത്തിലും തുടർചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഒന്നും ക്ലച്ച് പിടിക്കുന്നില്ല. ലോകത്തിലെ ഏറ്റവും ഗുണമേന്മയുള്ള ഭക്ഷ്യയെണ്ണ വെളിച്ചെണ്ണയാണ്. തെറ്റായ പ്രചരണങ്ങളും നിരവധി പരസ്യങ്ങളും നാളികേരത്തിനേയും വെളിച്ചെണ്ണയേയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തെക്കുറിച്ച് കണ്ണുതുറന്ന് കാണാൻ ഗവൺമെന്റ് തയ്യാറാകണം. നാളികേരത്തിന്റെ ഉത്പാദനച്ചെലവിന് ആനുപാതികമായി തറവില പുനർനിർണ്ണയം ചെയ്യുന്നതിന്സർക്കാർ തയ്യാറാകണം.

2008-ൽ കേന്ദ്ര ഗവൺമെന്റ് നാളികേരത്തിന് 4 രൂപ 40 പൈസയായി തറവില നിശ്ചിയിച്ചിരുന്നു. പിന്നീട് അതുസംബന്ധിച്ച് പുനർ നടപടികളോ പുരോഗതിയോ ഉണ്ടായില്ല. പച്ചത്തേങ്ങ ഒരെണ്ണത്തിന് ഏറ്റവും ചുരുങ്ങിയത് 10 രൂപയെങ്കിലും കിട്ടിയില്ലെങ്കിൽ മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് സംഭരണ വിലയായി ഇന്ന് നിശ്ചയിച്ചിട്ടുള്ള 16 രൂപ, 26 രൂപയെ ങ്കിലുമായി വർദ്ധിപ്പിക്കണം. കേര കർഷകരുടെ ക്ഷേമവും കൃഷി സംരക്ഷ ണവും മുൻനിർത്തി ഒരു നാളികേര കമ്മീഷൻ രൂപീകരിക്കാൻ ബഹുമാന പ്പെട്ട മന്ത്രി പ്രത്യേകമായി താൽപ്പര്യം കാണിക്കണം. ദക്ഷിണേന്ത്യൻ തുറമു ഖത്തിലൂടെയുള്ള പാമോയിലിന്റെ ഒഴുക്ക് തടയാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. ഇന്ന് പാമോയിലിന് നൽകിവരുന്ന 15 രൂപ സബ്സിഡി വെളിച്ചെണ്ണയ്ക്കുകൂടി നൽകി റേഷൻ ടകൾ വഴി വിതരണം ചെയ്യുന്നതി നുള്ള സാഹചര്യങ്ങൾ ഒരുക്കണം. കാർഷിക ഗവേഷണകേന്ദ്രം വെറും

വെള്ളാനയാണെന്ന കാര്യം എത്രയോ വർഷങ്ങളായി സഭയിൽ ചർച്ച ചെയ്യപ്പെടുന്നതാണ്. ഒന്നുകിൽ ആ ഗവേഷണകേന്ദ്രം അടച്ചുപൂട്ടണം. അല്ലെങ്കിൽ അത് കർഷകർക്ക് ഗുണകരമായ രീതിയിൽ ചലനാത്മകമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. അനുബന്ധ ഉൽപ്പന്നങ്ങളുടെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും ഇളനീർ പാർലറുകൾ കൂടുതലായി വർദ്ധിപ്പിക്കുകയും ചെയ്യണം. സംസ്ഥാനത്തിന് 4,000 കോടി രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. നാളികേര കർഷകരുടെ പ്രശ്നത്തെ ഗൗരവത്തിൽ ഗവൺമെന്റ് കാണുന്നില്ല എന്നുള്ളത് ദു:ഖകരമായ ഒരു വസ്തുതയാണ്. പാമോയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചുകൊണ്ട് ഈ രംഗത്ത് നാളികേര കർഷകർക്ക് ആശ്വാസം പകരാനുള്ള നടപടികൾ എന്തുകൊണ്ട് ഗവൺമെന്റ് സ്വീകരിക്കുന്നില്ല? കേരളത്തിൽ 48 ലക്ഷം നാളികേര കർഷകരുണ്ട്. 48 ലക്ഷം കുടുംബങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ടാണ് ജീവിച്ചുപോകുന്നത്. ഇവിടെയിരിക്കുന്ന 140 എം.എൽ.എ.-മാരിൽ 70 എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലേയും ഏറ്റവും പ്രധാനപ്പെട്ട വിളവ് നാളികേരമാണ്. വെളിച്ചെണ്ണ വിപണിയിലെ കുത്തക തമിഴ്നാട് തകർത്ത് മുന്നോട്ടുപോകുകയാണ്. പ്രതിദിനം 300 ടൺ മുതൽ 400 ടൺ വരെ വെളിച്ചെണ്ണ കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. അതുകൊണ്ട് ഗൗരവതരമായ ഈ വിഷയം അങ്ങേയറ്റം ഉത്തരവാദിത്വബോധത്തോടെയും ചുമതലാബോധത്തോടെയും കാണണം. കേരളത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതോപാധിയായ നാളികേര മേഖലയിൽ നിന്ന് ജനങ്ങൾ ഓടിയൊളിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ആ രൂപത്തിൽത്തന്നെ ഗൗരവമായി കണക്കിലെടുക്കണം. ചെറിയ ചികിത്സകൊണ്ട് ഈ കാര്യങ്ങൾ പരിഹരിക്കാൻ സാദ്ധ്യമല്ല. 7 ദിവസവുമുള്ള നാളികേര സംഭരണത്തോ

ടൊപ്പം സംഭരണവില 16 രൂപയിൽ നിന്ന് ചുരുങ്ങിയത് 26 രൂപയെങ്കിലുമാക്കി കൂടുതൽ ക്ലസ്റ്ററുകൾ സ്ഥാപിച്ചുകൊണ്ട് ഈ രംഗത്ത് മുന്നേറാൻ തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംകൂടി ഇതിൽ ഇടപെടണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട ശ്രീ. സി. മോയിൻകുട്ടി എം.എൽ.എ. ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ കേരളത്തിലെ നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്ത് തെങ്ങ് കൃഷിയുടെ വ്യാപ്തി കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1988 മുതൽ ഒരു ഹെക്ടറിലുണ്ടായിരുന്ന തെങ്ങ് കൃഷി 2001-2002 ആയപ്പോൾ 9,05,718 ഹെക്ടറായി വർദ്ധിച്ചുവെങ്കിലും പിന്നീട് വിസ്തൃതിയിൽ കുറവ് വന്നതായി കാണുന്നു. 2001 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ 1 ലക്ഷത്തോളം തെങ്ങുകളുടെ കുറവാണുണ്ടായിരിക്കുന്നത്. നാണ്യവിളകൾക്ക് നൽകുന്ന അമിത പ്രാധാന്യവും നാളികേരത്തിനുണ്ടായ വിലയിടിവുമാണ് നാളികേര കൃഷിയിൽ നിന്നും കർഷകരെ പിന്തിരിയുന്നതിന് പ്രേരിപ്പിക്കുന്നതാണ് തെങ്ങുകൃഷിയിൽ കുറവ് വരാനുള്ള പ്രധാനപ്പെട്ട കാരണമായി കാണുന്നത്. കൂടാതെ തെങ്ങുകൾക്കുണ്ടാകുന്ന മണ്ഡരി, കാറ്റുവീഴ്ച, മണ്ടചീയൽ മുതലായ കീടരോഗങ്ങൾ തെങ്ങിൽ നിന്നുള്ള ആദായം ക്രമാതീതമായി കുറയുന്നതിനും തെങ്ങുകൾ നശിക്കുന്നതിനും കാരണമായി. തെങ്ങ് കൃഷിയെ രക്ഷിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ പരിചരണമുറകൾ അനുവർത്തിക്കുക, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി

പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുക തുടങ്ങിയ പദ്ധതികൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡും കൃഷി വകുപ്പും യോജിച്ച് നടപ്പിലാക്കിവരുന്നു. തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി, തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റേയും കാർഷിക സർവ്വകലാശാലയുടേയും ഫാമുകളിലൂടെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്ത് നാളികേര കൃഷി വികസനത്തിനായി മൊത്തം 45 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളികേര സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും അവയുടെ ആധുനീകരണത്തിനും കരിക്കിൻ വെള്ള സംസ്ക്കരണം, ഷെൽ പൗഡർ, ചിരട്ടക്കരി, ആക്റ്റിവേറ്റഡ് കാർബൺ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി 25 ശതമാനം സബ്സിഡിയോടുകൂടി പരമാവധി 50 ലക്ഷം രൂപ നൽകുന്ന ‘ടെക്നോളജി മിഷൻ’ എന്ന പദ്ധതി നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ നാളികേര വികസന ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് സംസ്ഥാന കൃഷി വകുപ്പിൽ നിന്ന് 25 ശതമാനം സബ്സിഡിയോടുകൂടി പരമാവധി 25 ലക്ഷം രൂപവരെ നൽകുന്ന ഒരു പദ്ധതിയും ഈ വർഷം നടപ്പിലാക്കും. പ്രസ്തുത പദ്ധതി Small Farmers Agri Business Consortium മുഖാന്തിരം നടപ്പിലാക്കുന്നതിനായി 2012-13-ൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ നാളികേര

ഉൽപ്പന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാനത്ത് 3 കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കാർഷിക സർവ്വകലാശാല സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൊപ്രയിലും വെളിച്ചെണ്ണയിലുമായി നാളികേര സംസ്ക്കരണം കേന്ദ്രീകരിക്കാതെ ദേശീയപാനീയമായി പ്രഖ്യാപിച്ചുകഴിഞ്ഞ ഇളനീരും മറ്റ് ഉൽപ്പന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവുമാണ് ബയോപാർക്കിലൂടെ പ്രാവർത്തികമാക്കുന്നത്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കോക്കനട്ട് മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, ഡ്രൈഡ് മിൽക്ക് പൗഡർ, വെർജിൻ കോക്കനട്ട് ഓയിൽ, പാക്ക് ചെയ്ത ഇളനീർ, നാളികേര വിനാഗിരി, ചിരട്ടപ്പൊടി, ഷെൽ ചാർക്കോൾ, ആക്റ്റിവേറ്റഡ് കാർബൺ തുടങ്ങിയവയുടെ ഉൽപ്പാദനത്തിനുള്ള പ്രവർത്തനങ്ങൾ കോക്കനട്ട് ബയോപാർക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാളികേരത്തിന്റെ വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്രസംഭരണം നാഫെഡ്, സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവ മുഖേന നടപ്പിലാക്കിവരുന്നു. 2012 സീസണിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് 5100 രൂപ, ഉണ്ട കൊപ്രയ്ക്ക് 5350 രൂപ, പൊതിച്ച പച്ച തേങ്ങയ്ക്ക് 1400 രൂപ എന്നീ നിരക്കിലാണ് സംഭരണം നടത്തുന്നത്. കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 150 രൂപ കൂടി വർദ്ധിപ്പിക്കാൻ ഇപ്പോൾ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇത് വളരെ കുറവാണ്. 5250 രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. അത് 6,000 - 7,000 രൂപയാക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. കൂടുതൽ വർദ്ധിപ്പിക്കാൻവേണ്ടി വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കർഷകർക്ക് കൂടുതൽ

പ്രയോജനം ലഭിക്കുന്ന വിധത്തിൽ കൃഷിഭവൻ വഴി കൃഷിക്കാരിൽ നിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്ന നടപടികൾ ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. കേരഫെഡ് മുഖേനയാണ് ഇവ സംഭരിച്ച് വിൽപ്പന നടത്തുന്നത്; കേരളത്തിലെ വിവിധ ജില്ലകളായ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആദ്യഘട്ട സംഭരണത്തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോയ്ക്ക് 14 രൂപ നിരക്കിലാണ് സംഭരണം ആരംഭിച്ചതെങ്കിലും ഇപ്പോൾ അതിന്റെ വില ഉയർത്തി കിലോയ്ക്ക് 16 രൂപയാക്കിയിട്ടുണ്ട്. ഇപ്പോൾ മാർക്കറ്റിൽ ഏകദേശം 19 രൂപവരെ ലഭിക്കുന്ന രൂപത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. സംഭരണം കൃഷിഭവൻ മുഖാന്തിരം നടക്കുന്നതിന്റെ ഭാഗമായാണ് വില കൂടിയിരിക്കുന്നത്.

ശ്രീ. സി. മോയിൻ കുട്ടി: സർ, ഒരു കിലോ നാളികേരത്തിന് 16 രൂപ എന്നുപറഞ്ഞാൽ ഒരെണ്ണത്തിന് 6 രൂപയിൽ താഴെയാണ് വില. അതായത് ഒരു കോഴിമുട്ടയുടെ വില. അതുകൊണ്ട് 16 രൂപ എന്നത് 26 രൂപയെങ്കിലുമാക്കുന്നതിനുള്ള ശ്രമം നടത്തുമോ; അതോടൊപ്പംതന്നെ രണ്ട് ദിവസം മാത്രമുള്ള സംഭരണത്തിന് പകരം ഒരാഴ്ചയിലെ മുഴുവൻ ദിവസങ്ങളിലും സംഭരണത്തിനുള്ള ഏർപ്പാട് ചെയ്യുകയും എല്ലാ ഗ്രാമപഞ്ചായത്തിലും കൃഷിഭവൻ മുഖേന ഇവ സംഭരിക്കുകയും ചെയ്യാനുള്ള സംവിധാനംകൂടി അങ്ങ് ഏർപ്പെടുത്തുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സംഭരണവില കൂട്ടുന്ന കാര്യത്തെക്കുറിച്ച്, കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവില കൂടിയതിന്റെ പശ്ചാത്തലത്തിൽ അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ആഴ്ചയിൽ എല്ലാ ദിവസവും നാളി

കേരം സംഭരിക്കുന്ന രൂപത്തിലേയ്ക്ക് വരുമ്പോൾ അത്രമാത്രം നാളികേരം ലഭിക്കുകയില്ല. പഞ്ചായത്തിന്റെയും വാർഡുകളുടെയും അടിസ്ഥാനത്തിൽ കൂടുതൽ ക്ലസ്റ്ററുകൾ ആരംഭിച്ച് നാളികേര കൃഷിയെ പ്രോത്സാപ്പിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## (2) മതപരിവർത്തകർക്ക് ആനുകൂല്യം

ശ്രീമതി ജമീലാ പ്രകാശം: സർ, ഇൻഡ്യൻ ഭരണഘടനയുടെ ശിൽപ്പി യായ ഡോ. അംബേദ്കർ നമ്മുടെ ഭരണഘടനയ്ക്ക് രൂപം നൽകുമ്പോൾ മത പരിഗണന കൂടാതെ എല്ലാ പട്ടികജാതിക്കാരേയും ഒരേരീതിയിൽ കണ്ടു കൊണ്ട് അവർക്ക് സംവരണവും മറ്റാനുകൂല്യങ്ങളും നൽകുക എന്ന വ്യവ സ്ഥയാണ് ഉൾപ്പെടുത്തിയിരുന്നത്. 1950 ജനുവരി 26-ാം തീയതി ഭരണഘ ടന നിലവിൽ വരുമ്പോൾ ആ വ്യവസ്ഥയാണുണ്ടായിരുന്നത്. എന്നാൽ 1950-ൽ ആഗസ്റ്റ് മാസമായപ്പോഴേയ്ക്കും ഒരു പ്രസിഡൻഷ്യൽ ഉത്തരവി ലൂടെ ഹിന്ദുമതക്കാർ ഒഴിച്ചുള്ള പട്ടികജാതിക്കാരെ ആ ആനുകൂല്യങ്ങളിൽ നിന്നും മന:പൂർവ്വം ഒഴിവാക്കുകയുണ്ടായി. ഈ പ്രസിഡൻഷ്യൽ ഉത്തരവ് എങ്ങനെയുണ്ടായി എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ ജനാധി പത്യ ഭരണക്രമവും ഭരണഘടനയുമനുസരിച്ച് ഒരു പ്രസിഡൻഷ്യൽ ഉത്തരവ് ആകാശത്തുനിന്നും പൊട്ടിവീഴുകയോ ഭൂമിയിൽ നിന്നും മുളച്ചുവരികയോ ചെയ്യുകയില്ല. വാസ്തവത്തിൽ അന്ന് വർഗ്ഗീയശക്തികളുടെ സമ്മർദ്ദത്തിന് വഴങ്ങിയ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മന്ത്രിസഭയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ പ്രസിഡൻഷ്യൽ ഉത്തരവുണ്ടായിട്ടുള്ളത്. നമ്മുടെ മഹത്തായ ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷതയുടെ കടയ്ക്കൽ കത്തിവയ്ക്കുകയാണ് ഈ പ്രസിഡൻഷ്യൽ ഉത്തരവ് വഴി നട

ന്നത്. സിക്കുമത വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാരെ തുടർന്നുണ്ടായ ശക്തമായ സമരത്തിന്റെ ഫലമായി ആ പ്രസിഡൻഷ്യൽ ഉത്തരവിൽ നിന്നും ഒഴിവാക്കുകയും അവരെ അന്നുതൊട്ട് എല്ലാ അർത്ഥത്തിലും വീണ്ടും പട്ടിക ജാതിക്കാരായി കണക്കാക്കുകയും ചെയ്തുപോരുന്നു. പിന്നീട്, 1990-ൽ ജനതാദൾ നേതൃത്വം നൽകിയ ദേശീയ മുന്നണി സർക്കാരിന്റെ കാലത്ത് ബുദ്ധമതക്കാരായ പട്ടികജാതിക്കാരേയും പട്ടികജാതിക്കാരായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയു ണ്ടായി. ക്രിസ്തുമതക്കാരായ പട്ടികജാതിക്കാരേയും, അതായത് ദളിത് ക്രൈസ്തവരേയും പട്ടികജാതിക്കാരായി കണക്കാക്കി അവർക്ക് എല്ലാ ആനു കൂല്യങ്ങളും നൽകുവാനുള്ള നടപടി സ്വീകരിച്ചുവന്ന സമയത്താണ് കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുമിച്ച് വോട്ട് ചെയ്ത് ആ ഗവൺമെന്റിനെ താഴെയിറക്കിയത്. തെരഞ്ഞെടുപ്പ് സമയത്ത് എല്ലാ രാഷ്ട്രീയ കക്ഷികളും നേതാക്കളും ദളിത് ക്രൈസ്തവരുടെ സംവരണ പ്രശ്നം പരിഹരിക്കാമെന്ന വാഗ്ദാനം സ്ഥിരമായി നൽകുമെങ്കിലും വോട്ടെടുപ്പ് കഴിയുമ്പോൾ എല്ലാ വരും അത് സൗകര്യപൂർവ്വം വിസ്മരിക്കുന്ന കാഴ്ചയാണ് പതിവായി കണ്ടു വരുന്നത്. ഈ കടുത്ത വഞ്ചനയും കബളിപ്പിക്കലും അവസാനിപ്പിക്കുകയും ബഹുമാനപ്പെട്ട സർക്കാരും ഈ സഭയും മുൻകൈയെടുത്ത് ദളിത് ക്രൈസ്തവരെ പട്ടികജാതി പട്ടികയിൽ വീണ്ടും ഉൾപ്പെടുത്തുവാനുള്ള നട പടി ഒരു പ്രസിഡൻഷ്യൽ ഉത്തരവിലൂടെ പുറപ്പെടുവിക്കുന്നതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്യണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്.

ഇന്ന് കേരളത്തിലെ ഏത് പട്ടികജാതി കോളനിയിൽ ചെന്നാലും ഹൈന്ദവരും ക്രൈസ്തവരും ഇടകലർന്ന് താമസിച്ചുപോരുന്നതായി നമുക്ക്

കാണാൻ സാധിക്കും. ഒരേ വീടിനുള്ളിൽത്തന്നെ ഹിന്ദുമത വിശ്വാസിയേയും ക്രിസ്തുമത വിശ്വാസിയേയും നമുക്ക് കാണാം. ഒരേ വീട്ടിൽത്തന്നെ ഹിന്ദു വിന്റെ പൂജയും ക്രിസ്ത്യാനിയുടെ പ്രാർത്ഥനയും നടക്കുന്നതായി കാണാം. ഒരേ വ്യക്തിതന്നെ ക്ഷേത്രത്തിലും പള്ളിയിലും പോകുന്നതായും കാണാം. അതിനാൽ മതപരിഗണന കൂടാതെ എല്ലാ പട്ടികജാതിക്കാർക്കും സംവരണം നൽകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്.

പട്ടികജാതിക്കാരനായ ഒരാളെ ജാതിപ്പേര് പറഞ്ഞ് അധിക്ഷേപിക്കു കയോ ശാരീരികമായി ഉപദ്രവിക്കുകയോ ചെയ്താൽ അപ്രകാരം ചെയ്യുന്ന ആൾക്കെതിരെ പട്ടികജാതിക്കാർക്ക് നേർക്കുള്ള അതിക്രമം തടയുന്ന നിയമമനുസരിച്ച് കേസ്സെടുക്കാം. എന്നാൽ ഒരു ദളിത് ക്രൈസ്തവനെതിരെ അപ്രകാരം പ്രവർത്തിച്ചാൽ ആ നിയമമനുസരിച്ച് കേസ്സെടുക്കാൻ ഇന്ന് കഴി യുന്നില്ല. എന്നാൽ എല്ലാവരേയും മതപരിഗണന കൂടാതെ പട്ടികജാതിക്കാ രായി കണക്കാക്കിയാൽ ആ നിയമത്തിന്റെ ആനുകൂല്യം എല്ലാവർക്കും ലഭി ക്കും. മതപരിവർത്തനത്തിന് വിധേയരായിട്ടുള്ള എല്ലാ പട്ടികജാതിക്കാർക്കും പട്ടികജാതി പദവി നൽകണമെന്ന് മതന്യൂനപക്ഷ കമ്മീഷൻതന്നെ ശുപാർശ ചെയ്തിട്ടുള്ള കാര്യത്തിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുക യാണ്. രംഗനാഥ കമ്മീഷനും ഇത് ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് നോക്കിയാൽ ദളിത് ക്രൈസ്തവർക്കോ പിന്നോക്ക ക്രിസ്ത്യാനികൾക്കോ ക്രൈസ്തവരായി എന്നതുകൊണ്ടുമാത്രം അവരുടെ ജാതീയമായ അവസ്ഥയ്ക്ക് മാറ്റംവരുത്താൻ കഴിഞ്ഞിട്ടില്ലായെന്ന് നമുക്ക് കാണാൻ കഴിയും. ദളിത് ക്രൈസ്തവർക്കുവേണ്ടി പ്രത്യേകം പള്ളി കൾതന്നെ കേരളത്തിന്റെ ചില ഭാഗങ്ങളിൽ നിലവിലുണ്ടെന്ന വസ്തുതയും നമ്മൾ പരിഗണിക്കേണ്ടതാണ്. പ്രശസ്ത സാഹിത്യകാരിയായ അരുന്ധതി

റോയിയുടെ ബുക്കർ പ്രൈസ് നേടിയ 'God of small things' എന്ന കൃതിയുടെ പ്രമേയംതന്നെ ഈ മന:സാക്ഷിയില്ലാത്ത വിവേചനമാണെന്ന് ലോകം മുഴുവൻ അറിഞ്ഞുകഴിഞ്ഞ ഒരു വസ്തുതയാണ്.

പൊയ്കയിൽ യോഹന്നാൻ ഉപദേശി കുമാരഗുരുദേവനായി മാറുകയും പ്രത്യക്ഷ രക്ഷാസഭയ്ക്ക് രൂപം നൽകുകയും ചെയ്തു. ആ സംഭവപരമ്പരകൾതന്നെ ഇതിന് സാക്ഷിയാണ്. പൊയ്കയിൽ യോഹന്നാൻ സാംബവ സമുദായത്തിൽപ്പെട്ട ആളായിരുന്നു. മാർത്തോമാ മതവിഭാഗത്തിൽപ്പെട്ട ഒരു ജന്മിയുടെ വീട്ടിൽ കന്നുകാലികളെ പരിപാലിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന ഒരാളുമായിരുന്നു. ഇടവേളകളിൽ കിട്ടുന്ന സമയമുപയോഗിച്ച് അദ്ദേഹം ബൈബിൾ ഹൃദിസ്ഥമാക്കുകയും പടിപടിയായി വളർന്ന് മാർത്തോമാ സഭയുടെ ഉപദേശിയായി മാറുകയും ചെയ്തു. പുലയർ സമുദായത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ഒരാൾ അക്കാലത്ത് മരണപ്പെട്ടപ്പോൾ മൃതദേഹം ആദ്യം പള്ളിസെമിത്തേരിയിൽ അടക്കി. എന്നാൽ പ്രമാണിമാർ ഇതറിഞ്ഞ് ആ മൃതദേഹത്തെ അവിടെനിന്ന് മാറ്റി സെമിത്തേരിയുടെ പുറത്തേയ്ക്ക് കൊണ്ടുപോയി മറവ് ചെയ്തു. ഇതറിഞ്ഞ് രോഷാകുലനായി വന്ന യോഹന്നാൻ ഉപദേശി അവരോട് വഴക്ക് കൂടിയപ്പോൾ ഈ പ്രമാണിമാർ പറഞ്ഞ ഉത്തരം ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ടെങ്കിലും പുലയൻ പുലയൻതന്നെയെന്നാണ്. ഈ സെമിത്തേരിയിൽ അന്തിയുറങ്ങുന്നത് ബ്രാഹ്മണ സമുദായത്തിൽനിന്നും ക്രിസ്ത്യൻമതം സ്വീകരിച്ചിട്ടുള്ള പൂർവ്വികരാണ്.

മി. സ്പീക്കർ: യേസ്......... ബഹുമാനപ്പെട്ട അംഗം.......... പ്ലീസ്...........

ശ്രീമതി ജമീലാ പ്രകാശം: അവരോടൊപ്പം ക്രിസ്ത്യാനിയാണെങ്കിലും ഒരു പുലയനെ കിടത്താൻ പറ്റുകയില്ലായെന്നുമാണ്. വമ്പിച്ച പ്രതിഷേധവുമായി ഇറങ്ങിത്തിരിച്ച യോഹന്നാൻ ഉപദേശി തന്റെ അനുയായികളേയും വിളിച്ചുകൂട്ടി ഒരു അഗ്നികുണ്ഠമുണ്ടാക്കി, പണ്ട് അംബേദ്ക്കർ മനുസ്മൃതി കത്തിച്ചതുപോലെ ബൈബിൾ കത്തിക്കുകയാണുണ്ടായത്. യോഹന്നാൻ ഉപദേശി കുമാരഗുരുദേവനായി മാറി പ്രത്യക്ഷരക്ഷാ ദൈവസഭയുമുണ്ടാക്കി. ആധുനിക കാലഘട്ടത്തിൽ നാം കണ്ട ഏറ്റവും വലിയ ഒരു സാമൂഹ്യ വിപ്ലവകാരിയായിരുന്നു ഇദ്ദേഹം. പക്ഷേ ദൗർഭാഗ്യവശാൽ അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെപ്പോലും ഇന്ന് ദൈവമായി കരുതുകയാണ്. മതംമാറ്റം ജാതിപദവിക്ക് ഒരു മാറ്റവും ഉണ്ടാക്കുന്നില്ലായെന്ന് നമ്മൾ മനസ്സിലാക്കി കഴിഞ്ഞു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ജമീലാ പ്രകാശം: സർ, നിർത്തുകയാണ്. ഇന്ത്യയിൽ എല്ലാ ഭരണകൂടങ്ങളും ജാതിവ്യവസ്ഥയോട് സന്ധി ചെയ്തതുപോലെ എല്ലാ മതങ്ങളും ജാതിവിവേചനം ഇന്ന് വച്ചുപുലർത്തുകയാണ്. ഈ സാഹചര്യത്തിൽ ദളിത് ക്രൈസ്തവർക്ക് വീണ്ടും പട്ടികജാതി പദവി നൽകുകയെന്നുള്ള ആവശ്യം മുന്നോട്ടുവയ്ക്കുകയാണ്. ഈ ആവശ്യം നമ്മൾ ഒരുമിച്ച് ഏറ്റെടുക്കണം. ഈ ആവശ്യത്തിന് സർക്കാർ മുന്തിയ പരിഗണന നൽകണം. മുഖ്യമന്ത്രിയും സംസ്ഥാന മന്ത്രിസഭാംഗങ്ങളും ഡൽഹിക്ക് പോകുമ്പോൾ നൽകുന്ന നിവേദനങ്ങളിൽ ദളിത് ക്രൈസ്തവർക്ക് പട്ടികജാതി പദവി നൽകണമെന്ന ആവശ്യം വീണ്ടും വീണ്ടും ഉയർത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ദളിത് ക്രൈസ്തവർക്കുവേണ്ടി ഒരു കോർപ്പറേഷൻ ഇന്ന് രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല.

2003-ലെ വാർഷിക റിപ്പോർട്ടാണ് കഴിഞ്ഞ ദിവസം നിയമസഭാംഗങ്ങൾക്ക് അവിടെനിന്നും ലഭിച്ചിട്ടുള്ളത്. ഈ ശ്രദ്ധക്ഷണിക്കൽ ഉപക്ഷേപത്തിൽ ഞാൻ നൽകിയ നോട്ടീസിൻപ്രകാരം മുഖ്യമന്ത്രിയായിരുന്നു മറുപടി പറയേണ്ടിയിരുന്നത്. എന്നാൽ അദ്ദേഹം അത് ബഹുമാനപ്പെട്ട മന്ത്രി എ. പി. അനിൽ കുമാറിന് മാറ്റിയത് ഒട്ടും ശരിയല്ല.

മി. സ്പീക്കർ: നോ, നോ.............. അങ്ങനെയൊന്നും പറയുന്നത് ശരിയല്ല. അതിന് വകുപ്പുമന്ത്രിയുണ്ട്. അതൊന്നും ശരിയല്ല.

ശ്രീമതി ജമീലാ പ്രകാശം: മുഖ്യമന്ത്രി ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽനിന്ന് ഒരു ഒളിച്ചോട്ടം നടത്തുകയാണോയെന്ന് ഞാൻ ഭയപ്പെടുന്നു.

മി. സ്പീക്കർ: ഓരോ വകുപ്പിനും ഓരോ മന്ത്രിമാർ ചുമതല വഹിക്കുന്നുണ്ട്. വേണമെങ്കിൽ മുഖ്യമന്ത്രിക്ക് സംസാരിക്കാമെന്നേയുള്ളൂ. ആ പരാമർശം ശരിയല്ല.

## മതപരിവർത്തകർക്ക് ആനുകൂല്യം

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, വിവിധ പട്ടികജാതികളിൽനിന്ന് ക്രിസ്തു മതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർക്ക് പട്ടികജാതിക്കാർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന പ്രസ്തുത വിഭാഗക്കാരെ പ്രതിനിധീകരിക്കുന്ന സംഘടനകൾ ദീർഘകാലമായി ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഈ ആവശ്യത്തിന് ഉപോദ്ബലകമായി ചൂണ്ടിക്കാണിക്കുന്നത്. പരിവർത്തിത ക്രൈസ്തവരെ സംസ്ഥാനത്തിന്റെ മറ്റ് പിന്നോക്ക വിഭാഗ ലിസ്റ്റിൽ അമ്പത്തി രണ്ടാമതായി

ഉൾപ്പെടുത്തി ഒ.ബി.സി.-ക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ ഈ സമുദായത്തിൽപ്പെട്ടവരുടെ കാര്യത്തിൽ അനുഭാവപൂർണ്ണമായ സമീപനം കൈക്കൊണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ OEC (Other Eligible Community) ലിസ്റ്റിലുൾപ്പെടുത്തി പട്ടികജാതിക്കാർക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇപ്പോൾ നൽകിവരുന്നുണ്ട്. നിയമനങ്ങളുടെ കാര്യത്തിൽ പരിവർത്തിത ക്രൈസ്തവരെ സ്റ്റേറ്റ് ഒ.ബി.സി. ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒ.ബി.സി. വിഭാഗക്കാർക്കുള്ള എല്ലാ ആനുകൂല്യ ങ്ങളും ഇവർക്ക് ലഭിക്കുന്നുണ്ട്. ഉദ്യോഗ സംവരണവുമായി ബന്ധപ്പെട്ട് ഒ.ബി.സി. എന്ന നിലയിൽ ഇവർക്ക് ക്ലാസ് ഫോർ തസ്തികയിൽ രണ്ടും മറ്റ് തസ്തികകളിൽ ഒന്നും സംവരണം നൽകിവരുന്നുണ്ട്. പട്ടികജാതിയിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവരുടെയും മറ്റ് ശുപാർശിത വിഭാഗങ്ങളുടെയും സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. ഈ വർഷം വളരെ കൂടുതൽ എമൗണ്ട് ഗവൺമെന്റ്തന്നെ കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2013-14-ലേയ്ക്ക് 5 കോടി രൂപവരെ നീക്കിവച്ചിരിക്കുകയാണ്. കൃഷിഭൂമി വായ്പ, ഭവനനിർമ്മാണ വായ്പ, ഭവനപുരനുദ്ധാരണ വായ്പ, വിവാഹ വായ്പ, ഭൂരഹിത-ഭവനരഹിത വായ്പ, സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വ്യക്തിഗത വായ്പ തുടങ്ങിയ പദ്ധതികൾ പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വിക സന കോർപ്പറേഷൻ മറ്റ് പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും പരി

വർത്തിത ക്രൈസ്തവരും അർഹരാണ്. ന്യൂനപക്ഷ സമുദായമെന്ന നിലയിലുള്ള എല്ലാവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഈ വിഭാഗത്തിന് അർഹതയുണ്ട്. നിലവിൽ ഒരു ജാതിക്ക്/സമൂഹത്തിന് പട്ടികജാതി ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ പ്രസ്തുത ജാതിയെ/സമൂഹത്തെ സംസ്ഥാനത്തിന്റെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. അയിത്താചരണത്തിന്റെ അനന്തരഫലമായി ഒരു ജാതി/സമൂഹം അന്ന് അനുഭവിച്ചിട്ടുള്ള സാമൂഹ്യവും സാമ്പത്തികവുമായ അവശതയാണ് പ്രസ്തുത സമൂഹത്തെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുവാനുള്ള മാനദണ്ഡം. സമഗ്രവും ആധികാരികവുമായ പഠനത്തിലൂടെ ഒരു ജാതിക്ക്/സമൂഹത്തിന് പട്ടികജാതി/പട്ടികവർഗ ലിസ്റ്റിലുൾപ്പെടുവാനുള്ള യോഗ്യതയുണ്ടെന്ന് തെളിയുന്ന പക്ഷം അക്കാര്യത്തിൽ എടുക്കേണ്ട ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങളെടുത്തതിനുശേഷം മാത്രമേ ഇതിലുൾപ്പെടുത്തുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഈ കാര്യം വളരെ കാലമായി ചർച്ച ചെയ്യുന്ന വിഷയമാണ്. അതുപോലെതന്നെ വ്യത്യസ്തമായ അഭിപ്രായങ്ങളും അതിന്റെ പേരിൽ നിലനിൽക്കുന്നുണ്ട്. എങ്കിലും ഗവൺമെന്റിന് ഇത്തരം കാര്യങ്ങൾ പരിശോധിച്ച് മാത്രമേ ചെയ്യാൻ കഴിയൂ.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ഇക്കഴിഞ്ഞ ഡിസംബർ 16-ാം തീയതി ദളിത് ക്രൈസ്തവർ നിവേദനം സമർപ്പിക്കുവാനായി ഒരു ജാഥയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വസതിയിലെത്തിയപ്പോൾ മുഖ്യമന്ത്രി അവരിൽനിന്ന് നിവേദനം വാങ്ങാൻ തയ്യാറായില്ലായെന്ന് കാണിച്ചുകൊണ്ട് ഒരു പരാതി എനിക്ക് ലഭിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഇതുമായി ബന്ധപ്പെട്ട ചോദ്യമുണ്ടെങ്കിൽ ചോദിക്കൂ.

ശ്രീമതി ജമീലാ പ്രകാശം: അത് വാസ്തവമാണോയെന്ന് അറിയാൻ താൽപര്യമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സാധാരണ എല്ലാ ഞായറാഴ്ചയും രാവിലെ 9.30-10.00 മണിവരെ ഞാൻ വീട്ടിലുണ്ടാകും. ഇവർ വരുന്നുവെന്ന് അറിഞ്ഞതുകൊണ്ട് അൽപ്പസമയംകൂടി കാത്തിരുന്നു. പക്ഷേ അവർ എത്തിയില്ല. അപ്പോൾ ഞാൻ എന്റെ കൂടെയുള്ള ഉദ്യോഗസ്ഥനെ ഇക്കാര്യം ഏൽപ്പിച്ചുപോയി. അദ്ദേഹം, അവർ വന്ന് ഏൽപ്പിച്ച പരാതി വാങ്ങി എനിക്ക് തരികയും ചെയ്തു.